▪ അനുസ്മരണം ▪

# എം.പി അബ്ദുൽ മജീദ്



**കരിപറമ്പിലെ** എം.പി അബ്ദുൽ മജീദ് സാഹിബ്(53) നിര്യാതനായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

പ്രസ്ഥാനം ഏൽപിക്കുന്ന ഏത് കാര്യവും കണിശമായും കൃത്യമായും നിർവഹിക്കുന്നതിലും സഹപ്രവർത്തകരെ അതിന് പ്രേരിപ്പിക്കുന്നതിലും മുന്നിൽ നിന്നിരുന്ന അബ്ദുൽ മജീദ് സാഹിബിന്റെ ആകസ്മിക വിയോഗം പ്രസ്ഥാനപ്രവർത്തകരെ മാത്രമല്ല, ഒരു പ്രദേശത്തെ ആകെ ദുഃഖത്തിലാഴ്ത്തി.

ഏതൊരാളുടെയും പ്രയാസങ്ങൾ അദ്ദേഹം സ്വന്തം പ്രയാസങ്ങളായി കണ്ടു. അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച കരിപറമ്പ് ഹിറാ സെന്ററിന്റെ കീഴിൽ നടന്ന റിലീഫ് പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

കരിപറമ്പ് ഹൽഖാ നാസിം, പരപ്പനങ്ങാടി ഏരിയാ സെക്രട്ടറി, ഏരിയാ ദഅ്വാ യൂനിറ്റ് അംഗം, മസ്ജിദുൽ മനാർ കമ്മിറ്റി സെക്രട്ടറി, മസ്ജിദ് കൗൺസിൽ ഏരിയാ കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. സർവശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും വീഴ്ചകൾ പൊറുത്തുകൊടുക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**എം. മൊയ്തീൻ കോയ**
**ചെമ്മാട്**

# എം.എം മുഹമ്മദ് ഇസ്മാഈൽ



എരുമേലി കാർകുൻ ഹൽഖാ സെക്രട്ടറിയായിരുന്ന എം.എം മുഹമ്മദ് ഇസ്മാഈൽ ഏപ്രിൽ 27 -ന് അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

വീട്ടിൽനിന്ന് ജോലിസ്ഥലമായ കാഞ്ഞിരപ്പള്ളിയിലെ ഹൈറേഞ്ച് ഇസ്ലാമിക് മിഷൻ ലൈബ്രറിയിലേക്ക് പോകുന്ന വഴി കുഴഞ്ഞുവീഴുകയായിരുന്നു.

പന്ത്രണ്ടു വർഷം മുമ്പാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. എരുമേലി ഹിറാ എജുക്കേഷ്നൽ ആന്റ് ചാരിറ്റബ്ൾ ട്രസ്റ്റ് അംഗമായിരുന്നു. ചെറുപ്പത്തിൽ കാര്യമായ ദീനീവിജ്ഞാനം നേടിയിട്ടില്ലാത്ത ഇസ്മാഈൽ ഹൽഖാ യോഗങ്ങളിലൂടെയും ഖുർആൻ സ്റ്റഡി സെന്ററിലൂടെയും സ്വന്തമായ പഠനത്തിലൂടെയും ആഴത്തിലുള്ള ദീനീവിജ്ഞാനം കരസ്ഥമാക്കി. മനസ്സിലാക്കിയ കാര്യങ്ങൾ ജീവിതത്തിൽ പകർത്തുന്നതിൽ ശുഷ്കാന്തി കാണിച്ചു. കുടുംബത്തെ പ്രസ്ഥാനവൽക്കരിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചു. ഭാര്യ വനിതാ ഹൽഖാ അംഗവും മകൻ എസ്.ഐ.ഒ പ്രവർത്തകനുമാണ്. അനുഗൃഹീത ജീവിതത്തിന്റെ ഉടമയായിരുന്നു, 42 വർഷത്തെ ഈലോക ജീവിതം അവസാനിപ്പിച്ച് കടന്നുപോയ ഇസ്മാഈൽ. തന്റെ ജോലിയുടെ ഭാഗമായി നടത്തിയിരുന്ന കത്തിടപാടുകളിലൂടെ ബന്ധപ്പെട്ടുകൊണ്ടിരുന്നവരുടെ ഇസ്ലാമിനെക്കുറിച്ച ചോദ്യങ്ങൾക്ക് ലൈബ്രറിയിലെ പുസ്തകങ്ങൾ പരതിയും ലൈബ്രറിയിലെത്തുന്ന പണ്ഡിതന്മാരോടന്വേഷിച്ചും ഉത്തരങ്ങൾ കണ്ടെത്തി മറുപടി നൽകുന്നതിൽ ഇസ്മാഈൽ ഏറെ കഴിവ് പ്രകടിപ്പിച്ചിരുന്നു.

ഇസ്ലാമിന്റെ കർമഭൂമിയിലായിരിക്കെ നമ്മെ വിട്ടുപിരിഞ്ഞ സഹോദരന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ - ആമീൻ.

**കെ.ഇ മുഹമ്മദലി, എരുമേലി**